DAKSHAYAGASATAKAM

032:1M6:21 F9

032:1M64:21
F9

032:1M64:21 F9
UTTAN THAM-
takam.

MUL
051106

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number O22:1M64:21 F9

Accession Number 5606

Available for loan from

This book should be returned on or before the date last marked below.

2 NOV 1947

61

APR. 1929
MADRAS

# ദക്ഷയാഗശതകം

Dakshayoga Satakam

1067-ൽ ഒരു രാത്രി ആറേഴുമണിക്കൂറിടകൊണ്ടു്
നിർമ്മിച്ചതായ ഒരു ദ്രുതകവിത

---

ഗ്രന്ഥകർത്താ

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

K. Kunji Kutta Thampuran

---

ലക്ഷ്മീസഹായം അച്ചുക്കൂടം
കോട്ടക്കൽ

032:1M64:21
[F9]

വില 3 ണ.

51106
032:1M6471
[F9]

Dakshayagasathakam
Kunhi Kuttan Tham…
…VERSITY LI…
8 APR. 1959
MADRAS

# ദക്ഷയാഗശതകം

(മണിപ്രവാളം)

---

സന്മാർഗ്ഗക്കാതലാകും ശിവനുടെ ചരിത-
ത്തിങ്കലിന്നേകദേശം
ഞാന്മാനംനേടുവാനായ് സ്സുകൃതകമധുനാ
ചൊല്ലുവൻ വല്ലവണ്ണം;
ചെമ്മേ വാശിക്കലേശം കുറവുകൾ കലരാ-
യ്യാനിദാനീം മുദാ നീ
ബ്രഹ്മാവേ! ചൊല്ലിവിട്ടീടുക മകളെ മടി-
ക്കാതെ മന്നാവിൽ മേവാൻ. 1

വേഗം തെല്ലു കുറച്ചുവെക്കുവനഹം
ശർവ്വൻെറ ഗർവ്വം, ഹവിർ-
ഭാഗം പൊക്കിവിടുന്നതുണ്ടിതി രുഷാ
ലക്ഷിച്ചു ദക്ഷൻ പുരാ
യാഗം ചെയ്യുവതിനായ് മുതിർന്നു വിധിനാ
വട്ടങ്ങൾ കൂട്ടിച്ചു; ദു-
ർയ്യോഗം തന്നെയവൻെറയാം ഭൃഗുവിന-
ധ്വര്യുത്വവും നൽകിനാൻ. 2

ഇന്ദ്രൻ ചന്ദ്രനതെന്നു തൊട്ടഖിലരാം
വാനോർകളും വന്നു നൽ-
സാന്ദ്രാനന്ദമിണങ്ങി വേണ്ടൊരു ഹവിർ-
ഭാഗങ്ങൾ വീണ്ടിടുവാൻ

എന്നല്ലായവരാണതിന്നു പരിചാ-
രാദിപ്രവൃത്തിക്കു്; മെ-
ന്തെന്നാലും ഫലമില്ല, ചേരമതിയാം
വൃക്ഷം വളർന്നീടുമോ? 3

ചാർച്ചക്കാരാണു ചന്ദ്രൻ പിതൃപതി മുതലാ-
യുള്ള വാനോർകളേററം
ചേർച്ചക്കാരായിരുപ്പുണ്ടനവധി മുനിമാർ
നിത്യമങ്ങത്രയല്ല,
കാഴ്ചകളും പാരമോരോവിവിധതരവിശേ-
ഷങ്ങളുണ്ടെങ്കിലും മേൽ
വീഴ്ചക്കാന്ത് വന്നുകൂട്ടും വിഭുവിനൊടു വിരോ-
ധിച്ച ദുർമ്മോഹമെല്ലാം. 4

നേരമ്പോക്കുണ്ടു കാണാനിഹ ലഹള കുറ-
ച്ചൊന്നു കൂടാതിരിക്കി-
ല്ലാരംഭം മാറിയാണെന്നൊരു കരുതലൊട്ടും
നാരദൻ കൂട്ടർക്കൂടി
ഘോരം സോദര്യനാണെന്നൊരു കളവു നടി-
ച്ചിട്ടു യാഗസ്ഥലത്തിൽ
സ്വൈരം തെക്കും വടക്കും തെളിവിനൊടു നട-
ന്നീടിനാനാടലെന്യേ. 5

ധിക്കാരത്തോടു മുമ്പേ ദഹനനയനമന-
ച്ചേർന്നു കേറിശ്ശപിച്ചാ-
മുഷ്ക്കാളും ദക്ഷനിന്നും ചില വികൃതി തുട-
ങ്ങുന്നതുണ്ടെന്നു കണ്ടു

സല്ക്കാരം ചേരുമെന്നാകിലുമിഹ ഹരിയും
ബ്രഹ്മനും പോയതില്ലാ;
തല്ക്കാലം നാസ്തിയായീ സുരവരരിലഹോ
മുഖ്യരാം മൂന്നുപേരും. ൬

വേണ്ടും വട്ടങ്ങൾ കൂട്ടി ക്രിയകളിഹ തര-
ത്തിൽ തുടങ്ങീ തുടങ്ങീ
വീണ്ടും വേദപ്രയോഗങ്ങളുമഥ ഹവനാ-
ദ്യങ്ങളും മങ്ങിടാതെ;
തണ്ടും കാട്ടി പ്രഭാവത്തൊടുമവിടെ മഹാ-
ദക്ഷനാം ദക്ഷനിപ്പോൾ
കണ്ടില്ലേ കാൎയ്യമെന്നിങ്ങിനെ ബത യജമാ-
നത്വമോടൊത്തിരുന്നു. ൭

താടിക്കാരായനേകം പരിഷകളവിടെ-
ക്കാട്ടിടാം ശ്രോത്രിയത്വം
നേടാം വല്ലോരു മാനം പലരെയുമവിടെ-
ക്കണ്ടിടാം യോഗ്യരേയും
കേടെന്ന്യുള്ള നമുക്കെന്നൊരു മതിയൊടഹോ
വന്നുകേറിത്തുടങ്ങീ
കൂടിത്തിങ്ങിത്തുടങ്ങീ; പരമിതിലധികം
ഘോഷമാം ഘോഷമുണ്ടോ? ൮

പാരീരേഴും പുകഴ്ന്നു പരിചൊടധികമീ
വൎത്തമാനം മുഴുന്നു
നാരീവൎഗ്ഗങ്ങൾ ചേൎന്നു നലമൊടമരലോ-
കങ്ങളൊത്തങ്ങു വന്നു

മാററീടാതെ നടന്നു മഹിതമഖവനശാ-
ലക്കകത്തങ്ങു ചെന്നു
ഭൂരിശ്രീമോദമാർന്നു ഭുവനമതിരസാ-
ലേവമൊന്നായിവന്നു. 9

ചൊല്ലെല്ലാള്ളും പൊൻവിമാനാന്തരമതു കയറി-
ക്കൊണ്ടു തെക്കും വടക്കും
പാക്കും വിദ്യാധരാദിപ്രവരരുമവിട-
ത്തായി യാനം തുടങ്ങീ
പെക്കം വന്നോർക്കശേഷം വിവിധവിഭവമോ-
ടൊത്തു പാക്കാം പരക്കെ-
സ്സല്ക്കാരം ചെയ്തിരുത്തീ വിധിയുടെസുതനാം
ദക്ഷനന്നക്ഷണത്തിൽ. 10

വെള്ളിക്കുന്നിന്മേൽ വിശദപ്രഭയൊടുമൊരുമി-
ച്ചാത്തമോദം വസിക്കും
പുള്ളിപ്പുൺകഴമാൻകണ്ണികളണിമണിയാ-
മസ്സതീദേവിയപ്പോൾ
ഉള്ളോരാനന്ദമോടും പല വിബുധവിമാ-
നങ്ങൾ പോകുന്നകണ്ടി-
ട്ടുള്ളിൽ ചിന്തുന്ന ചിന്താരസമൊടു ഹരനോ-
ടോതിനാളൊന്നിവണ്ണം:— 11

“കണ്ടില്ലേ കാന്തനിപ്പോൾ കനകമണിവിമാ-
നങ്ങളേറിത്തരത്തിൽ-
ക്കൊണ്ടോടും കാന്തമാരൊത്തനവധി വിബുധൌ-
ഘങ്ങൾ പോകുന്നതെല്ലാം;

ഉണ്ടത്രേ ദക്ഷനാമെൻ ജനകനുടെ മഹാ-
യാഗ,മങ്ങൊന്നു പോയീ-
ടേണ്ടുന്നാമെയ്യക്ഷവമൊന്നതിലിടയവർ വിശേ-
ഷിച്ചു ചൊല്ലീലയെന്നോ? 12

എന്നാലും താതനല്ലേ? പുനരവിടെ നട-
ക്കുന്നതും യാഗമല്ലേ?
ചെന്നാലും നിങ്ങളല്ലേ? പരമവിടെ വിശേ-
ഷിച്ചു ചെല്ലേണ്ടതല്ലേ?
ഇന്നെന്താണിഷ്ടമല്ലേ? തവ ദൃഢമെഴുമു-
ള്ളത്തിനിബ്ഭാവമില്ലേ?
നന്നല്ലേ മറ്റു വല്ലെങ്കിലുമിഹ മമ വാ-
ക്കിന്നു സിദ്ധാന്തമല്ലേ. 13

അങ്ങോർക്കമ്പോറും ഗിരീശൻ, പരമിവയിൽ മഹാ-
മോഹമി,ല്ലായതാട്ടേ;
ഞങ്ങൾക്കുണ്ടാകയില്ലേ ജനകയജനമീ-
ക്ഷിക്കുവാനുള്ളിൽ മോഹം?
ഭംഗംകൂടാതെയിന്നെങ്കിലുമിനിയിവിട്ടു-
ന്നൊന്നെഴുന്നെള്ളിടേണം;
തിങ്ങും വൈഷമ്യമുണ്ടെന്നതു വരികിലതെ-
ന്നോടുമൊന്നോതിടേണം". 14

എന്നേവം ബുദ്ധിമുട്ടിച്ചനവധിയുരുവ-
ദ്ദേവി ചൊല്ലുന്നനേര-
ത്തൊന്നും മിണ്ടീല, പിന്നീടൊരു പൊറതി കൊട്ട-
ക്കാസ്ഥയാൽ കാര്യമോർത്തു

മന്ദം ചിന്നും പുതുപ്പുഞ്ചിരിയൊടുമൊരു നി-
ശ്വാസമിട്ടിട്ടു ചൊന്നാൻ:—
"ധന്യേ! കേട്ടാലുമെന്നാലിതിനൊരു വലുതാ-
യുള്ള വൈഷമ്യമുണ്ട്. 15

മുന്നം വിശ്വപ്രസിദ്ധം വിമലതകലരും
വിശ്വസൃക്സത്രമദ്ധ്യം
തന്നിൽ തിങ്ങുന്ന ദേവപ്രവരനടുവിലം
ബ്രഹ്മനും ഞാനുമായി
ഒന്നിച്ചൻപോടിരിക്കുന്നളവു വെളിവു കൂ-
ടാതെഴും മാനവാനായ്
വന്നെത്തി ദക്ഷനാം നിൻ ജനകനയി! ജഗ-
ന്മാന്യമാഹാത്മ്യസിന്ധോ! 16

കണ്ടപ്പോൾത്താനെഴുന്നേറ്റമരരഖിലരും
മാമുനിശ്രേഷ്ഠരും താൻ
കൊണ്ടാടിസ്സൽക്കരിച്ചിട്ടവനെ ബത വസി-
പ്പിച്ചു മാന്യസ്ഥലത്തിൽ;
തണ്ടോടെല്ലാസ്ഥലത്തും പുനരവനഭിമാ-
നേന കണ്ണിട്ടിടുമ്പോൾ
കണ്ടാൻ ബ്രഹ്മാവൊടൊന്നിച്ചഹമവിടെയിരി-
ക്കുന്നതും വന്ദിയാതേ. 17

ഒട്ടും ബോധിച്ചതില്ലായവനുടെ പദവി-
ക്കായതൊത്തില്ലപോലും
പൊട്ടെന്നന്നിട്ടെഴുന്നേറ്റഖിലരുമവിടെ-
ക്കേൾക്കുമാറക്ഷണത്തിൽ

ദുഷ്ടാകാരമത്താടേറാം പരിഭവമിദമെ-
ന്നോർത്തു നമ്മെക്കുറിച്ചി-
ട്ടോട്ടേറെ ക്രൂരമാം വാക്ശരന്നിര വിരസൻ
കോരിവാരിച്ചൊരിഞ്ഞാൻ. 18

‘ചൊല്ലുന്നേൻ തെല്ലിദാനീം പരമിദമഭിമാ-
നത്തിനാലെന്നു ചിന്തി-
ക്കൊല്ലിന്നെൻ പുത്രിയേ വേട്ടതുമുതൽ മകനായ്-
ക്കഷ്ടമെന്നിട്ടുമിയ്യാൾ
തെല്ലും മാനിച്ചതില്ലേ പരമൊരു വചനം
കൊണ്ടുമെന്നാലിനിക്കെ-
ന്തില്ലൊന്നും ന്യായമല്ലാത്തൊരു നടവടി ക-
ണ്ടിട്ടു ചൊല്ലുന്നതത്രേ. 19

ധർമ്മം നേരേ നടത്തുന്നതിനൊരു പണിയാ-
ണല്ലയോ ലോകപാല-
ർക്കിമ്മട്ടുള്ളോരെ വെച്ചാലതു ബത വിപരീ-
തത്തിലായ്പ്പുന്നുകൂട്ടും;
ശ്മശാനത്തിൽക്കിടക്കുന്നിവനൊരു കുറവി-
ല്ലിന്നതിൽ പ്രേതഭൂതമൗ
തമ്മിൽത്തല്ലീട്ടു ഭൂതപ്പടയൊടുമിടചേർ-
ന്നോനിതെന്തോ നികൃഷ്ടം? 20

കഷ്ടം മൽപുത്രിയേ ഞാനിവനു ബത കൊടു-
ത്തേനതെൻ കുറ്റമല്ലേ,
സ്രഷ്ടാവിൻ ശാഠ്യമാണെന്തിനു ബത ഗതകാ-
ര്യങ്ങൾ ചിന്തിച്ചിടുന്നു?

ദുഷ്ടന്മാൎക്കില്ല യാഗാദികസുകൃതഫലം,
ഹവ്യഭാഗങ്ങൾ മേലാൽ
കിട്ടാതാവട്ടെ'യെന്നും ശഠതയൊടു ശപി-
ച്ചീടിനാൻ മുന്നമെന്നോ. 21

എന്നതു കേട്ടു കയൎത്താ-
നെന്നുടെ ഭടമൌലി നന്ദികേശ്വരനും,
എന്നല്ലാശു കൊടുത്താൻ
നിന്നീടാതവിടെവെച്ചാരെതൃശാപം. 22

'പുരാരാതിശ്രീമൻമതമതിനു കുററം പറയുമീ-
യൊരാൾക്കുണ്ടോ മേലാൽ ഗതിയതിനൊടൊക്കെന്നാൎവ
ചിരം സംസാരത്തിൽ പരമഹഹ ചുററിത്തിരിയുമാ- [നും,
റിരിക്കട്ടേ നാനാവിധമതവിലാസഭ്രമികളിൽ. 23

പോരാ പറഞ്ഞതിഹ ശങ്കരദൂഷ്യമായി-
ഘോരാക്ഷരം സദസി വെച്ചു വചിച്ചതോൎത്താൽ
നേരാകുമെന്നുടയ വാക്കുളെണ്ണങ്ങളേതും
ചേരാത്ത ദക്ഷനിഹ ബസ്തമുഖത്വമുണ്ടാം.' 24

സ്വഗണതിലകനാകും നന്ദിയേവം കഥിച്ചും
വിഗതകരുണയോടും നോക്കിനില്ക്കുന്നനേരം
സ്വഗതമതിൽ വിരോധം കണ്ടു കോപിച്ചു സാക്ഷാൽ
ഭൃഗുമുനിയെഴുന്നീററുഗ്രശാപം ശപിച്ചാൻ. 25

'ദോഷം പെരുക്കുമൊരു ശങ്കരപക്ഷമായി-
ഘോഷത്വമോടമരുമായവരിന്നുതൊട്ടു

ഭാഷിക്കമാറധികനിന്ദ്യതയോടുകൂടി.
പ്പാഷണ്ഡരായുഴലുമൂഴിയിലില്ല വാദം. 26

ഇന്നിവ കേട്ടിഹ നിന്നാൽ
നന്നല്ലെന്നോർത്തു ഞാനുമെൻഗണവും
ഖിന്നതയോടും പോന്നു
മുന്നേതാൻ പോയി ദക്ഷനവിടുന്നും. 27

ഇത്ഥം വന്ന രസക്ഷയത്തെ നിരൂപി-
ച്ചാണെന്നെയിന്നായവൻ
മുത്തോലുംമുലയാർമണേ! ബത വിളി-
ച്ചീടാഞ്ഞതോർത്തീടണം;
സത്യം ഞാനതുമൂലമാണയി! ഗമി-
ച്ചീടാഞ്ഞതെന്നല്ല നീ
മത്തന്വീമണി ലോകിൽ നല്ല ഗുണമായ്-
പോരില്ല, ഘോരം ഗുണം.” 28

എന്നേവം ചന്ദ്രചൂഡൻ തിരുവടിയരുളിച്ചെ-
യ്തിട്ടുമദ്ദേവിയൊട്ടും
നന്ദിച്ചില്ലച്ഛനെക്കാണ്മതിനു കൊതി പെരു-
ത്തുള്ളിലുൾഭാകമൂലം
എന്നല്ലാ സോദരീസംഘവുമവിടെ വരും,
കണ്ടിടാം യാഗഘോഷം
ചെന്നാലെന്നോർത്തു കാന്താപ്രിയമതു നിരൂപി-
ച്ചിട്ടു ദുഃഖിച്ചുനിന്നാൾ. 29

കാന്തനു സമ്മതമല്ലിതു
ഒാന്താനേ ലോകിലായതും ദോഷം

എന്തിഹ ചെയ്യുവതെന്നോ-
ത്തന്തരമിളകിച്ചമഞ്ഞു ദേവിക്കു്. 30

അങ്ങോട്ടല്പം നടന്നും പുനരതിവിവശ-
തയൊത്തോടിങ്ങോട്ടു പോന്നും
മണ്ടും ദുഃഖം മുതിർന്നും മുഹുരപി നയനേ
കണ്ണുനീർ വന്നുയാർന്നും
തങ്ങൾക്കെന്തൊന്നു ചെയ്വാനുചിതമിതി പെരു-
ത്തത്തലോടുള്ളുഴന്നും
തങ്ങിത്തങ്ങിത്തിരിച്ചുജ്ജനകൻടെ ഗൃഹ-
ത്തിങ്കുലക്കായു് നടന്നു. 31

മണിമാൻ മദനെന്നതൊട്ടനേകം
ഗണമദ്ദേവി പുറത്തിറങ്ങിടുമ്പോൾ
ക്ഷണമാവൃഷഭന്റെ കണ്ഠമേറി-
പ്പണവാദ്യങ്ങൾ മുഴക്കി യാത്രയാക്കി. 32

സന്നദ്ധാനേകഭൂതപ്രവരരൊടുസതീ-
ദേവിയൊന്നിച്ചു താനേ
ചെന്നെത്തീ യാഗശാലാന്തരമതിലുടനുൾ-
പ്പുക്കിരുന്നിട്ടുമപ്പോൾ
അന്നാസ്ഥാനത്തിരിക്കുന്നവരൊരുവരുമേ
ദക്ഷചിത്തം ധരിച്ചി-
ട്ടൊന്നാസ്ഥാങ്ങൾപ്രിയാപൂജനവിധികൾ നട-
ത്തീല വേണ്ടുന്നവണ്ണം. 33

മാതാവും സോദരീസംഘവുമുടനവളെ-
ക്കണ്ടനേരത്തു വേഗം
ജാതോല്ലാസാലെഴുന്നേററരിമയൊടു നട-
ത്തീടിലും മാനമന്യേ
താതൻതൻ ദുർമ്മുഖംകണ്ടഥ ശിവവചനം
സത്യമെന്നുള്ളിലോർത്താ-
ണ്ടാതങ്കത്തോടു ചൊന്നാൾ ജനകനൊടു ജന-
ങ്ങൾക്കു കേൾക്കാംവിധത്തിൽ. 34

"കഷ്ടം! കഷ്ടം! പുരാരിപ്രഭുവിനുചിതമാം
ഹവ്യഭാഗംകൊടുക്കാ-
തിഷ്ടംപോലക്രമംചെയ്യുമറിവു ഭവാ-
നില്ലതെന്നും വരുന്നു;
ഒട്ടും നന്നായതില്ലിശ്ശിവനുടെ തിരുനാ-
മങ്ങൾ കേൾക്കുന്നവർക്കും
കിട്ടും സായൂജ്യമിന്നിപ്രഭുവിനൊടു വിരോ-
ധിപ്പതോ ചിത്രമത്രേ! 44

സൃഷ്ടിപ്പാൻ ബ്രഹ്മനായും, സകലഭുവനവും
കാക്കുവാൻ വിഷ്ണുവായും,
പെട്ടെന്നെല്ലാം നശിപ്പിപ്പതിനു ഖലു പുരാ-
രാതിയായും നിനച്ചാൽ
ചിട്ടല്ലോർക്കുമ്പൊളാളൊന്നത്തു നിയതമതിൽ
ഭേദമുണ്ടാക്കിയേവം
ഗോഷ്ഠിത്വംകാട്ടിയെന്നാലവനൊരു ഗതിയു-
ണ്ടാകയില്ലില്ല വാദം

കല്യശ്രീകാന്തനെന്നെക്കനിവിനൊടിനിമേൽ
ദേവി ദാക്ഷായണീയെ-
ന്നല്ലൽപെട്ടോട്ടു നാണത്തൊടുമരുളുമതോ
കേൾക്കുവാൻ ദുഃഖമത്രേ;
വല്ലെന്നാലും ഭവാൻതൻ വികലതകലരും
ബീജമാമെന്റെ ദേഹം
പുല്ലോളം തുച്ഛമിപ്പോളിതു കളയുവനി-
ന്നിക്ഷണം യോഗവഹ്നൌ." 37

സതീദേവിയെന്നോതി മിണ്ടാതെ പിന്നെ-
ജ്ജിതാത്മേന്ദ്രിയാരാമയാം യോഗശക്ത്യാ
കൃതാമാന്ദ്യമത്തീയിലായ് മെയ് ദഹിപ്പി-
ച്ചിതയ്യോ മഹായാഗമദ്ധ്യത്തിൽവെച്ചു. 38

അതുപൊഴുതതികോപത്തോടു ഭൂതങ്ങൾ വന്നി-
ട്ടിതിനു പകരമിന്നിദ്ദക്ഷനെക്കൊല്ലുകെന്നും
ധൃതിയൊടു പടവെട്ടാൻ യാഗശാലസ്ഥകംപു-
ക്കിതു പലവകയായിച്ചെയ്തുതേ യാഗഭംഗം. 39

വടിവൊടു ഭൃഗുവിന്നി "മാലിനി"ക്കേവലം തീർ-
ത്തുടനിചരെയടക്കീടുന്നതുണ്ടെന്നു കണ്ടു
പടുതയൊടു സമന്ത്രം ദക്ഷിണാഗ്നൌ ഹവിസ്സാൽ-
ക്കടധൃതിയൊടു ഹോമം ചെയ്തു വിഘ്നം നശിപ്പാൻ.

അക്കാലം തീയിൽനിന്നുൽക്കടകട്ടരവമോ-
ടുള്ള തീക്കൊള്ളിയേന്തി-
ച്ചിക്കെന്നെത്തിത്തുടങ്ങീ മഹിതമുനിതപോ-
വിഘ്നരാം വാനവന്മാർ

ധിക്കാരത്താൽ തുടങ്ങീ പട ശിവഭടരാ-
യിട്ടു തീക്കൊള്ളിവെച്ചോ-
മുഷ്ക്കാളും രുദ്രഭൃത്യപ്രവരരെയുടനോ-
ടിച്ചു പേടിച്ചിടാതേ. 41

ഇതൊക്കെക്കണ്ടപ്പോളി,താത്ര വിവരം നല്ല തരമെ-
ന്നൊതുക്കംകൂടാതസ്സുരമുനിവരൻ നാരദനഹോ
പത്തുക്കൈലാസത്തിന്നു ബത! തിരിച്ചാൻ ഗിരിശനെ-
ദ്ധൃതക്രോധംകാണ്മാൻ പെരികൊതിയാൽജാതധൃതിയിൽ.

“ശംഭോ! ഹേ ദേവ ശംഭോ! തവ കഴലിണയിൽ
താണിതാ കൈതൊഴുന്നേൻ,-
നമ്പോ! നിൻ വൈഭവത്താൽ ഭുവനമിതു വിധാ-
താവു സൃഷ്ടിച്ചിടുന്നു,
അംഭോജാക്ഷൻ വിശേഷിച്ചിതു ചിരമൊടു കാ-
ക്കുന്നു, കല്പാന്തകാലേ
നിൻപേരമ്പോ കടാക്ഷക്കടുകനലിലെരി-
ക്കുന്നു ചിക്കെന്നിതെല്ലാം. 43

കഷ്ടം നന്നോവിധത്തിൽ തവ പടുത പരം
കണ്ടുകൊണ്ടിട്ടുമിപ്പോൾ
കാട്ടുന്നൂ നിൻവിരോധം ശിവ ശിവ ശിവനേ!
ദക്ഷനും കൂട്ടുകാരും;
ഒട്ടും നിൻഭാഗമെന്ന്യേ പുതിയൊരു നിയമം
വെച്ചു യോഗങ്ങൾ കൂട്ടി-
ക്കൂട്ടുന്നൂ; കണ്ടു ഞാനായവിടെയനുദിനം
കാട്ടിടും ഗോഷ്ഠിയെല്ലാം. 44

സ്വൈരം സാക്ഷാൽ സതീദേവ്യുമവിടെയെഴു-
ന്നെള്ളിയെന്നിട്ടു പൊയ്യ-
ല്ലാരും മാനിച്ചതില്ലാ, ഖലനിവൾ മകളെ-
ന്നുള്ളൊരാബ്ഭാവമില്ലാ,
പാരിക്കും വീര്യമേറും പരമശിവ! ഭവൽ-
പത്നിയെന്നുള്ള മാനം
നേരിട്ടാരും നടിച്ചില്ലയി പരമവന്നിൽ-
പ്പേരിട്ടാ പേടിമൂലം. 45

'നിൻവിഷ്ടംകൊണ്ടുദിച്ചോരുടലിതു കളയു-
ന്നുണ്ടു ഞാൻ ദേവനെന്നെ-
ത്തന്വീ ദാക്ഷായണീയെന്നരുളുമധികമാ-
യൂർന്നിട്ടും നാണമോടേ;
എൻവിസ്ഥിതം ഭവാൻതൻഭവനമ,തിലുടൻ
വന്നതെ'ന്നും പറഞ്ഞി-
ട്ടെൻവാക്കിൽ ഭോഷ്കിതല്ലേ പൊരിയെരികനലിൽ
ചുട്ടു പൂമേനിയയ്യോ! 46

ഈ യാഗം ഞങ്ങളിപ്പോൾ പടുതയൊടു നശി-
പ്പിച്ചിടുന്നുണ്ടതെന്നായ്
കയ്യൂക്കോടാഞ്ഞടുക്കും തവ ഭടനിരയെ-
ത്താൻതപസ്സിൻ ബലത്താൽ
കയ്യോടേ തൽക്ഷണത്തിൽ ഭൃഗുമുനി ചിലരെ-
ത്തിയ്യിലുണ്ടാക്കിയേത്തും
വയ്യിന്നോതാനെതൃപ്പിച്ചോരുവിധമവരെ-
ക്കൊണ്ടു തോല്പിച്ചയച്ചു." 47

ഭുജംകൊണ്ടു കൂപ്പിസ്തുതിച്ചന്നിവണ്ണം
"ഭുജംഗപ്രയാതാം"ഗണനൊടോതി നേരേ
നിജാംഗം ഹരൻതന്റെ തൃക്കാക്കൽ വീഴി-
ച്ചജാംഗോത്ഭവൻ നിന്നു തന്നന്തികത്തിൽ. 48

ചെട്ടെന്നീനാരദൻതൻ മൊഴിയതു ഭഗവാൻ
കേട്ടനേരത്തുടൻ ദി-
ക്കെട്ടും പൊട്ടുന്നമട്ടിൽ പൊട്ടുപൊടയുടനൊ-
ന്നട്ടഹാസം പൊഴിച്ചാൻ;
കട്ടത്തീവൃഷ്ടിചെയ്തീടിന തിരുമിഴി തെ-
ല്ലൊന്നു കാണിച്ചു തൻകൈ-
കൊട്ടിപ്പൊട്ടിച്ചിരിച്ചാൻ, അരിശമിവനധികം
തുച്ഛമെന്നുച്ചരിച്ചാൻ. 49

അപ്പോളാചന്ദ്രചൂഡൻതിരുവുടലുടനെ-
ക്കോപമേറ്റം വിറച്ചു,
ചൊല്ലൊലാഞ്ഞീട്ടും ജടാവല്ലിയുമഹഹ പറി-
ച്ചന്നിലത്തിട്ടടിച്ചു,
ഒപ്പം ശബ്ദം ജനിച്ചു, പുനരുടനവിടെ-
ന്നേകനങ്ങുൽഭവിച്ചു
ക്ഷിപ്രം തൻമേനിവരച്ചു ക്ഷണമഥ സഭയം
നാരദൻ കണ്ണടച്ചു. 50

തീയൊക്കുന്നോരു വൻചെഞ്ചിടയുമധികമാം
ഫാലദേശത്തു കട്ട-
ത്തീയൊക്കുന്നോരു കണ്ണും കനലിനൊടെതിരാ-
കുന്ന മററുള്ള കണ്ണും

കയ്യൊക്കും ക്രൂരശൂലം പരശുഗദ തുട-
ങ്ങീട്ടനേകായുധം വ-
ന്മെയ്യൊക്കും ഭസ്മമാനത്തുകിലുമിവ പരം
പാൎക്കുകിൽ പേടിവീക്കും. 51

വടിവൊടവനടുത്തു താണുകൂപ്പി-
ട്ടുടനെഴുന്നേൽക്കുമതിന്നു മുമ്പുതന്നെ
"ഝടിതി സഗണനായ ദക്ഷനെക്കൊ-
ന്നിട്ടുക ഗമിക്കുക"യെന്നു രുദ്രനോതി. 52

വിണ്ടീടും വീരഭദ്രദ്ധ്വനിയുലകിൽ മുഴ-
ങ്ങുന്ന നേരത്തു ഭൂതൌ-
ഘങ്ങൾക്കുത്സാഹമേറിപ്പുനരവരഖിലം
പാരഷ്വ ചെന്നുചേർന്നു
മങ്ങാതെ നന്ദികേശപ്രഭൃതികളൊട്ടുമൊ-
ന്നിച്ചഹോ വീരഭദ്രൻ
ഭംഗം ഭൂമിക്കുചേരും പടിയുടനടിവെ-
ച്ചോടിനാൻ തെക്കുനോക്കി. 53

ചിക്കെന്നാദ്ദക്ഷയാഗക്ഷിതിയതിലമരും
ദിവ്യലോകം വടക്കൻ-
ദിക്കിൽ പൊങ്ങുന്ന ധൂളിപ്രകരമതു പരം
കണ്ടു പേടിച്ചുകൊണ്ട്
ഇക്കാലും ധൂളിയെന്തോ പൊരുതു പതറിട്ടും
ദസ്യുവർഗ്ഗങ്ങളാവി-
ല്ലേക്കിൽ പ്രാചീനബർഹിസ്സുലകിതു ദൃഢദ-
ണ്ഡന കാക്കുന്നകാലം. 54

കാണാതന്നീവിധത്തിൽ കരുതിട്ടുമുള്ളവിൽ
കാലവൈരിപ്പടക്കാർ
ചോണാർന്നാർത്താർത്തട്ടുകളന്നതുമതിലൊരുവൻ
നില്പതും ഘോരനായി;
വീണു പേടിച്ചനേകം ജന്യമതിഹ വരും
ശങ്കരദ്വേഷികൾക്കു-
താണെന്നുണ്ടോ, പെട്ടം ദുർഘടമിത്തു ചില: സ്വ-
ത്തുക്കൾ ചിന്തിച്ചിരുന്നു. 55

അപ്പോഴേക്കും കടന്നു ശിവ ശിവ ശിവഭൂ-
തങ്ങളായാഗശാല.
ക്കൾപ്പുക്കു വീഴ്ത്തി മൂത്രം ചിലരെരികനലിൽ
പാത്രജാലം തകർത്തു
ഒപ്പം പ്രാഗ്‌വംശമേതും ചിലരടിപൊങ്ങിയായ്-
ത്തീർത്തു പത്നീജനം പോയ്
പാർപ്പോരാ സ്ഥാനമപ്പോൾ ചിലർ ഝടുതി തകർ-
ത്താർത്തു ധൂമത്തന്നപോലെ. ൫൬

പാടേ കണ്ഠിൽ സ്രുവത്തോടിരുമിഴിയുമട-
ച്ചുണ്ടുടൻ ദക്ഷിണാഗ്നൌ
വാടാതെ ഹന്ത ഹോമിപ്പതിനു മുതിരുമ-
ന്നേരമെത്തിപ്പിടിച്ചു
താഡിക്കുന്നേരമമ്പോ മുഷ്ടിമൊട്ടു മണിമാ-
നഭൂചരം ചെയ്തിരിക്കും
പ്രൌഢാത്മാവായ സാക്ഷാൽ ഭൃഗുമുനിയെ വിശേ-
ഷിച്ചു ബന്ധിച്ചു പിന്നെ. ൫൭

യാഗം വേണ്ടുംവിധത്തിൽ തരമൊടു നിയമി-
ച്ചിട്ടു താനേ നടത്തു-
ന്നാം ഗംഭീരാഭിമാനം തടവി മരുവിടും
ദക്ഷനേ വീരഭദ്രൻ
വേഗം പൊത്തിപ്പിടിച്ചു പുനരവനിളകാൻ-
കൂടി വയ്യാതെയാക്കീ;
ശ്രീഗംഗാമൌലി! ഭവത്തിരുവടിയൊടിട-
ഞ്ഞാകിൽ നന്നാകയില്ല. 58

തിണ്ണം പൂഷാവിനെയാ-
ച്ചണ്ഡീശൻ ഹന്ത ചെന്നു ബന്ധിച്ചു;
വിണ്ണോർവരരിലവൻ ബഹു-
ചണ്ഡതയെഴുമീശവിമതനാണല്ലോ. 59

ഭഗനെക്കണ്ടു പിടിച്ചു
ഭഗവാൻ നന്ദീശനങ്ങയക്കാതേ;
അഗതിയതായവനപ്പോൾ
വിഗതമനോരാജ്യനായി ദുഃഖിച്ചു. 60

ചണ്ഡശ്രീഭൃഗുമാമുനീശ്വരനെഴും
വന്മീശ പിന്നെപ്പിടി-
ച്ചെണ്ണിത്തന്നെ പറിച്ചു വീരതയെഴും
ശ്രീവീരഭദ്രേശ്വരൻ;
തിണ്ണം ശങ്കരനോടിടഞ്ഞു കഠിനം
ദക്ഷൻ ശപിക്കുംവിധൌ
പൊണ്ണൻ താടി പിരിച്ചിളക്കിയതിനാ-
ലാണീവിധം വന്നതും. 61

പെരുത്ത കോപേന ഭഗന്റെ കണ്ണു-
തുരന്നെടുത്താനഥ വീരഭദ്രൻ,
വെറുത്തു ദക്ഷൻ ശിവനെശ്ശപിച്ചു-
ന്നുരുട്ടി കണ്ണായവനെന്ന മൂലം. 62

പൂഷാവിനുള്ളോരു രദങ്ങളെല്ലാം
രോഷാൽ തകർത്താൻ വിട്ടു വീരഭദ്രൻ,
വൈഷമ്യമായ് ശങ്കരശാപകാലേ
ഘോഷിച്ചവൻ തന്നെ ചിരിച്ചമൂലം. 63

വാളോങ്ങിദ്ദക്ഷകണ്ഠം വടിവിനൊടു മുറി-
ച്ചീടുവാനേറെ വെട്ടി-
ച്ചീളെന്നെന്നിട്ടുമൊട്ടും തൊലിയുമിഹ മുറി-
ഞ്ഞില്ലിതോ ചിത്രമത്രേ;
ആളും കോപത്തൊടെന്നിട്ടഥ കിമപി വിചാ-
രിച്ചു പിന്നെപ്പശുത്വം
നീളെക്കല്പിച്ചു വെട്ടിജ്ജ്വലനനിലുടനേ
ഹന്ത ഹോമിച്ചു ദേവൻ. 64

തല്ലിക്കാലൊന്നൊടിച്ചു ചിലരുടയ കരം
കുത്തിഞെക്കിപ്പൊടിച്ചു
വല്ലാതെ മെയ്യൊടിച്ചു പല വിബുധരെയി-
മട്ടു ശിക്ഷിച്ചുവെച്ചു;
നല്ലോരെ വിട്ടയച്ചു നലമൊടു യജന-
സ്ഥാനവും കൊള്ളിവെച്ചു
തെല്ലും നിൽക്കാതെ വാച്ചുന്നിയ ജവമൊടു പോ-
ന്നീശപാദം നമിച്ചു. 65

ശൌൎയ്യം പിടിച്ചു ശിവനോതിയപോലെ വേണ്ടും
കാൎയ്യം കഴിച്ചു വരുമാഭടരെസ്സമോദം
ധൈൎയ്യാദിസൽഗുണഗണങ്ങളിണങ്ങുവാനായ്
പൎയ്യാപ്തമായ് പുരവിമാഥിയനുഗ്രഹിച്ചു. 66

യജ്ഞധ്വംസം ഭവിച്ചോരതുമുതലമര-
ന്മാൎക്കു സാപ്പാട്ടുപൊങ്ങി
പ്രാജ്ഞൻ ശക്രൻ വിചാരിച്ചഥ ചില വിബുധ-
ന്മാരെയൊന്നിച്ചുകൂട്ടി
വിജ്ഞാനാംഭോധിയാകും വിധിയടിയരുളും
സത്യലോകം ഗമിച്ചി-
ട്ടാജ്ഞാപിച്ചാലുമിസ്സങ്കടശമനമിതെ-
ന്നാൻ വിധാതാവു ചൊന്നാൻ. 67

“നമ്മൾക്കെല്ലാരു മോഹം മുഴുവനുമുടനേ
ചെന്നുണൎത്തിച്ചുവെന്നാൽ
ചെമ്മേ തീൎക്കും മുകുന്ദൻ തിരുവടിയിതഹോ
പണ്ടുപണ്ടുള്ള ചട്ടം;
തമ്മിൽത്തീൎക്കേണമിന്നിപ്പുരഹരവിബുധ-
ന്മാൎക്കെഴും വൈരമിപ്പോൾ
സൌമ്യശ്രീവിഷ്ണുവല്ലാതതിനുരുവിരുതൻ
നാസ്തി നാം നിശ്ചയിക്കാം, 68

ഞാനും വരാം ചിരവിനോട്ടു മുകുന്ദവാസ-
സ്ഥാനത്തിലേക്കിനി നമുക്കു ഗമിക്കതന്നെ;

ആനന്ദമൂർത്തിയൊരുപായമെടുത്തു നല്ലോ-
രാനന്ദമാക്കുവതിനുള്ളൊരു സൂത്രധാരൻ.” 69

ഏവം പറഞ്ഞു കളഹംസഗളത്തിലേറി-
ദ്ദേവൻ വിരിഞ്ചനഥ ദേവകളോടുകൂടി
ശ്രീവാസുദേവനരുളുന്നവിടെഗ്ഗമിച്ചു
സേവിച്ചു നല്ലുപനിഷത്തുകളുച്ചരിച്ചാൻ. 70

കാണായി കാർവണ്ണന്റും കളതരകമനീ-
യാംഗശോഭാവിശേഷം
ചേണാർന്നീടും മുകുന്ദൻതിരുവടിയെ മുദാ
മുമ്പിലാമ്മാറതന്നേ;
ത്തൂണായീ ദേവകൾക്കെല്ലാരു സുഖമയമാം
വീടിന്നാ വിഷ്ണുപാദം,
താണായീ മൌലിയെല്ലാം, മുരരിപുഭഗവാൻ
ഹന്ത സന്തുഷ്ടനായി. 71

“അറിഞ്ഞു ഞാനെല്ലാം ലഹളകളഹോ ദക്ഷനിതുതാൻ
കുറഞ്ഞോരാപത്തായവനുമിനിമേലിൽ ഗതി വരും.
പറഞ്ഞീടാമിപ്പോളതിനഹമുപായം ശിവനെയ-
ങ്ങറിഞ്ഞോരുടുള്ളോർക്കിതു വിഷമമോ നൽസ്വർഗമമോ? 72

കളവകലെ വെടിഞ്ഞീ ദേവദേവൻ സ്തുതിച്ചാൽ
തെളിയുമുടനെയെന്നാൽ പിന്നെയെന്താണസാദ്ധ്യം?
കളവുകളുരുതേത്തും ശ്രീശിവൻ ശുദ്ധനാണേ
വെളിവിലഖിലമോർത്തീന്നാകിലിഷ്ടങ്ങൾ കിട്ടും. 73

വരുന്നതുണ്ടിന്നിഹ ഞാനുമെന്നാൽ
പരന്ന മോദാൽ പരമേശ്വരന്റെ
തുറന്ന കോപങ്ങളടക്കുവാനായ്
മരുന്നു നൽകാനൊരു വൈദ്യനാവാം." 74

എന്നും പറഞ്ഞു ഗരുഡന്റെ പുറത്തുകേറി-
ച്ചിന്നും രസേന വിധിമുഖ്യസുരാളിയോടും
കുന്നിന്മലീശനരുളുന്നൊരു ദിക്കു പുക്കു
മന്ദം മഹീധരമതിങ്കലിറങ്ങി ദേവൻ. 75

അപ്പോൾ കാണായ് ജടാഭാരവുമതിനിടയിൽ
ഗംഗയും തിങ്കളും നൽ.
സർപ്പക്കൂട്ടം സദാ മൂടിന തിരുമിഴിയും
രണ്ടു മാറല്ല കണ്ണും
സാകല്യത്തോടാവിഷത്തിന്നസിതരുചിയുമ-
ക്കണ്ഠദേശത്തു മാറിൽ
ചൊല്ലൊങ്ങും ഭസ്മവും പൂണ്ടരുളുമൊരു പുരാ-
രാതിമയപ്പൂർവ്വഭംഗം. 76

ഭക്ത്യാ താണുവണങ്ങിയന്നു ഭഗവാൻ
ശ്രീവാസുദേവൻ യഥാ-
ശക്ത്യാ ശങ്കരനായതന്നെയവിടെ-
ത്താനേ സ്തുതിച്ചീടിനാൻ;
മുക്ത്യാദിഷ്ടഫലങ്ങൾ നൽകുവതിനും
സാമർത്ഥ്യമുള്ളിപ്പുമാൻ
യുക്ത്യാ മറ്റൊരു ദേവനെ സ്തുതികഴി-
ക്കേണ്ടുള്ളതുണ്ടാകുമോ? 77

സരോജാസനാകാരമുൾക്കൊണ്ടു മുമ്പിൽ
പരം മൂന്നുലോകങ്ങൾ സൃഷ്ടിക്കുവോനേ!
പരം പുത്രിയെബ്ബ്രാഹ്മിയായ് വെച്ചു നാവിൽ
ചിരം വെച്ചു ലാളിച്ചു മോദിക്കുവോനേ! 78

ജഗത്തൊക്കെയും കാക്കുമാറെന്റെ ദേഹം
ജഗന്നാഥ! മേടിച്ചു മോദിക്കുവോനേ!
ജഗദ്ധാത്രിയും ശ്രീയുമൊന്നിച്ചുകൂടി-
സ്സുഗംഭീരസൌഖ്യം ലഭിച്ചീടുവോനേ! 79

പുരാരാതിയായ് പൂർണ്ണയാം ഗൌരിയോടും
പരാനന്ദപീയൂഷമുണ്ടീടുവോനേ!
പരം ലോകമെല്ലാം സ്വയം സംഹരിച്ചു-
ത്തരാ ചേർത്തു കാട്ടാതൊളിപ്പിക്കുവോനേ! 80

മുദാ മൂർത്തി മൂന്നായി വേറിട്ടിരുന്നും
സദാ സർവ്വവും കണ്ടു സന്തോഷമാർന്നും
ഹൃദാ ഭൂരികാരുണ്യഭാരം കലർന്നും
ചിദാനന്ദമുൾക്കൊണ്ടു കണ്ടീടുവോനേ! 81

പരം ബ്രഹ്മസിദ്ധാന്തസാരം ഗ്രഹിച്ചും
പരം ബ്രഹ്മവിഷ്ണ്വീശരൂപം ധരിച്ചും
പരം ബ്രഹ്മമെന്നുള്ളിലോർക്കുന്നവർക്കായ്
പരബ്രഹ്മബോധം കൊടുത്തീടുവോനേ! 82

ഭവാൻതന്റെ രൂപം വിചാരിക്കുവോർക്കി-
ബ്ഭവാംഭോധി പൈക്കാലടിക്കുള്ള വെള്ളം

ഭവാകാരനാകും പരബ്രഹ്മമേ! നീ
ഭവാപത്തു സത്തുക്കളിൽ പോക്കിടേണം. 83

അഹോ! കാമവും കോപവും മററുമെല്ലാം
മഹാദേവ! നിങ്ങൾക്കു നിസ്സാരമല്ലോ;
മഹാദുഃഖമേൽക്കുന്നൊരിദ്ദേവകൾക്കാ-
ലിഹാഭീഷ്ടമങ്ങുന്നുടൻ നൽകിടേണം. 84

പരം മൂഢനാം ദക്ഷനങ്ങേടെ വീര്യം
ധരിക്കാതെ ചെയ്യുന്നൊരു കുററത്തിനേവം
പെരുത്തങ്ങു ശിക്ഷിച്ചതെന്തെന്നറിഞ്ഞി-
ല്ലുരം വിട്ടയക്കാമിതെന്നോർത്തതാണോ? 85

അതോ മററ ദുഷ്ടർക്കു പാപങ്ങൾ ചെയ്യാ-
ലിതിൻവണ്ണമാം ശിക്ഷയെന്നോർമ്മകൾക്കോ?
അതെന്തെങ്കിലും യാഗമദ്ധ്യത്തിൽ വീണാ-
ചതിപ്രൗഢബുദ്ധേ! കെട്ടും ധർമ്മമെല്ലാം. 86

എഴുന്നീററുകൊണ്ടാലുമേററം ഭയപ്പെ-
ട്ടുഴന്നീടുമിദ്ദേവകൾക്കുള്ള ദുഃഖം
പഴിഞ്ഞൊരു മോദേന തീർത്താലുമിപ്പോൾ
കഴിഞ്ഞോട്ടെയെന്തിക്കളിക്കുന്നതെല്ലാം? 87

ഇനിക്കും ഭവാനും മനസ്സൊന്നതാണെ-
ന്നനർഘാകൃതേ! നിങ്ങൾ മുൻചൊന്നതെല്ലാം
നിനക്കുന്നതെന്തിന്നു ബോധ്യം വരട്ടേ
ഘനശ്രീലസൽക്കണ്ഠ! ലോകർക്കശേഷം. 88

വിധാതാവു ഞാനിന്ദ്രനെന്നല്ലനേകം
വിധം വന്നു നില്ക്കുന്നൊരിക്കൂട്ടരെല്ലാം
സുധാസൂതിമൌലേ! ഭവാൻതന്നെയല്ലോ
മുധാ ഭേദമുണ്ടോ മനസ്സിന്നു പിന്നെ?” 89

ഇവണ്ണം മുകുന്ദൻ സ്തുതിക്കുന്നനേരം
ശിവൻതന്നെ സന്തോഷമുൾക്കൊണ്ടുകൊണ്ടു
“ഭവാനിഷ്ടമെന്നിഷ്ടമെന്നാലിദാനീം
ജവാൽ ജീവനേകുന്നു ഞാൻ ദക്ഷനെന്നാൽ.” 90

എന്നീവണ്ണമുരച്ചു നീലഗളനും
കൈലാസശൈലത്തിനോ-
ടൊന്നിച്ചങ്ങെരിരിട്ടിടും വൃഷഭക-
ണ്ഠത്തിൽക്കരേറി ദ്രുതം
“എന്നാലങ്ങിനെയല്ലി? പോക, വരികെ”-
ന്നോതി സ്വയം സർവ്വരോ-
ടൊന്നിച്ചങ്ങിനെ ദക്ഷയാഗധരണീ-
ദേശത്തിലെത്തീടിനാൻ. 91

വെച്ചു ഭൃഗുവിനു മീശകൾ,
വെച്ചതു പക്ഷേ കുറച്ചൊരു വിശേഷം,
ഇച്ഛയൊടാട്ടിൻമീശകൾ
വെച്ചാണൊപ്പിച്ചതെന്നുമറിവാനായ്. 92

പൂഷാവിന്നു രദനങ്ങൾ കൊടുത്തു, പിന്നെ-
ദ്ദോഷം വരാതെ ഭഗനങ്ങിനെ കണ്ണു രണ്ടും,

ദോഷങ്ങൾകണ്ടുമറിക്കിലവക ചെയ്കയാലെന്നു
ദൌഷ്ട്യമിത്തിരി വരുത്തിയിവർക്കിവരറിൽ.

ആടിന്നുള്ള മുഖം മുറിച്ചുടനേ
    ദക്ഷന്റെ കണ്ഠത്തിൽവെ-
ച്ചീടെന്നും വരുമെന്നിവണ്ണമരുളി
    സ്വൈരം തലോടീടിനാൻ;
പ്രൌഢത്വത്തൊടു ജീവനിട്ടിതുടനേ-
    രം ദക്ഷനമ്പോടുണർ-
ന്നീട്ടുംമട്ടെഴുന്നേററുനോക്കുമളവിൽ
    ശ്രീകണ്ഠനെക്കണ്ടുടൻ. ൭൪

ഏന്താണെന്തൊരു കഷ്ടമാണു ശിവനെ
    ദ്രോഹിച്ചതും ഞാനതെ-
ന്നന്തസ്താപമൊടും ദഹിച്ചു മകളാ-
    യോഗാഗ്നിയാൽ വെന്തതും
ചിന്തും ഭക്തി വിഷാദമെന്നിവകളാൽ
    കണ്ണീരൊലിപ്പിച്ചു മുൻ-
സന്തോഷിച്ചുമവൻ പുരാരിചരണം
    കൂപ്പിസ്തുതിച്ചീടിനാൻ. ൭൫

"കഷ്ടം ഞാനതിപാപിയാണിഹ ജഗൽ-
    സംഹാരരക്ഷാകൃതി-
ക്കൊട്ടുക്കീശ്വരനായ നിന്തിരുവടി-
    ക്കൾദ്രോഹമുണ്ടാക്കുകയാൽ

ഒപട്ടന്നായതിനൊത്തപോലടിയനെ-
ശ്ശിക്ഷിച്ചതും യുക്തമീ-
മട്ടിൽ പിന്നെയനുഗ്രഹിച്ചതു കൂടും
കയ്യായ് കൃപാവാരിധേ! ൯൬

അല്ലെങ്കിൽ ശരിയാണ് സർവ്വസമനാ-
മങ്ങക്കഹോ ദ്രോഹമാ-
വില്ലെന്നും ബത ശിക്ഷ ചെയ്യുതു വിവേ-
കത്തെക്കൊട്ടപ്പാൻ ദൃഢം;
എല്ലാം പോയിതു മുമ്പിലുള്ളൊരു ശിവ-
ദ്രോഹാദിദോഷം, കണ-
ക്കില്ലാതുള്ളൊരു ഭക്തി വന്നു വളരു-
ന്നുണ്ടിന്നുമേ നിങ്ങളിൽ. ൯൭

കഷ്ടേ നല്ലവളാകുമെന്റെ മകളാ
യോഗാഗ്നിയിൽ ദേഹവും
വിട്ടീടുന്നളവും നമ്മക്കാരറിവു-
ണ്ടായീലഹോ ദൈവമേ!
പെട്ടെന്നക്കഥ പാർത്തിടുമ്പോളധുനാ
കത്തുന്നു ചിത്തം ഭവൽ-
പിട്ടെന്നാലിതശേഷമെന്നു കരുതി-
ത്തെല്ലിന്നടങ്ങുന്നു ഞാൻ. ൯൮

അംഭോജാസനനംബുജാക്ഷനഗജാ-
കാന്തൻ ഭവാൻ മൂന്നുപേ-
രൻപോടോർക്കുകിലൊന്നുതന്നെയതുപോ-
ലീലോകമെല്ലാം ഭവാൻ

ഞാൻ പോരാത്തവനാകകൊണ്ടത്രേ ധരി-
ച്ചീലെന്നിദാനീമിനി-
ക്കമ്പോ നല്ലോരുറപ്പു വന്നിതു ഭവൽ-
ക്കാരുണ്യമൊട്ടേല്ക്കയാൽ.

“തിന്നാം നീ ദക്ഷ! യാഗം വടിവിനൊടുടനേ
ചെയ്യുകെടോകി!”ശനെന്നീ-
വണ്ണം കല്പിച്ചശേഷം വിരവൊടു വിധിയാം
വണ്ണമെല്ലാം കഴിച്ചു;
കണ്ണൻ, ബ്രഹ്മാവു, രുദ്രൻതിരുവടിയവരിൽ
ഭേദമില്ലാതെയിന്നും
വിണ്ണോർനാട്ടിങ്കൽ വാഴുന്നിതു വിവിധതപോ
ദക്ഷനാം ദക്ഷനത്രേ.

ശുഭം

MUL
051106